## പതിമൂന്നാം കേരള നിയമസഭ
### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 3110

03.04.2013 ലെ മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമത്തിനായി ചെലവഴിച്ച തുക

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.വി. വിജയദാസ് | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി) |
| (എ) 2012-13 വർഷത്തിൽ ഇതുവരെ ന്യൂനപക്ഷക്ഷേമത്തിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത കാലയളവിൽ ന്യൂനപക്ഷ ക്ഷേമത്തിനായി തയ്യാറാക്കിയ പദ്ധതി കളിൽ എല്ലാ പദ്ധതികളും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br><br>(സി) ഏതെല്ലാം പദ്ധതികൾക്കായി എത്ര തുകവീതമാണ് വകയിരുത്തിയിരുന്നത് എന്നറിയിക്കുമോ;<br><br>(ഡി) ആയതിൽ എത്ര തുക വീതം വിനിയോഗിച്ചുവെന്നതിന്റെ വിശദാംശം നൽകുമോ? | (എ) യും (ബി) യും (സി) യും (ഡി) യും | ന്യൂനപക്ഷ വനിതകളുടെ സ്വയംസഹായ സംഘങ്ങൾ സമർപ്പിക്കുന്ന സംരംഭക പദ്ധതിക്ക് പദ്ധതി ചെലവിന്റെ നേർപകുതി/രണ്ടര ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതിക്ക് 2012-13 ൽ 1 കോടി രൂപ അനുവദിച്ചതിൽ നിന്നും 93,90,625/- രൂപ ചെലവാക്കി. സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് ഇനത്തിൽ 5,95,35,000/- രൂപ നൽകിയിട്ടുണ്ട്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് സൈനിക, അർദ്ധ സൈനിക, പോലീസ് വിഭാഗത്തിലേയ്ക്ക് ജോലി ലഭിക്കുന്നതിനാവശ്യമായ കായിക പരിശീലനവും എഴുത്തു പരീക്ഷകളുള്ള പരിശീലനവും നൽകുന്നതിന് കോഴിക്കോട്ട് പ്രവർത്തിക്കുന്ന പി.ആർ.ടി.സി.യുമായി ചേർന്ന് നടപ്പാക്കിയ പദ്ധതിക്കായി തെരഞ്ഞെടുത്ത 50 പേർക്ക് ആറ് ലക്ഷം രൂപ ചെലവാക്കി. മധ്യവേനലവധിക്കാലത്ത് ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി ദ്വിദിന വ്യക്തിത്വ വികസന ക്യാമ്പുകൾ വകുപ്പ് നടപ്പാക്കുന്നുണ്ട്. ഇതിനായി 48,86,000/- രൂപ നീക്കിവച്ചിട്ടുണ്ട്. മൊഴി ചൊല്ലപ്പെട്ട ന്യൂനപക്ഷ വനിതകൾക്ക് ഭവന നിർമ്മാണ പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ